**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4039** **17-03-2025 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ റേഷൻകടകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുരുവായൂർ മണ്ഡലത്തിൽ അനുവദിച്ച റേഷൻകടകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പുന്ന, മാട്ടുമ്മൽ പ്രദേശങ്ങളിലായി പുതുതായി റേഷൻകടകൾ അനുവദിച്ചു. ഈ റേഷൻകടകൾക്ക് ലൈസൻസികളെ കണ്ടെത്തുന്നതിനായി വിജ്ഞാപനം പുറപ്പെടുവിച്ചുവെങ്കിലും യോഗ്യരായ അപേക്ഷകരില്ലാത്തതിനാൽ കടകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ പുന്ന, മാട്ടുമ്മൽ എന്നീ സ്ഥലങ്ങളിൽ അനുവദിച്ച റേഷൻകടകൾ നടത്തിപ്പിനായി വിജ്ഞാപനം ചെയ്തതിന്റെ വിവരങ്ങളും സ്വീകരിച്ച നടപടികളും വിശദമാക്കാമോ; | (ബി) | പുന്ന, മാട്ടുമ്മൽ പ്രദേശങ്ങളിൽ അനുവദിച്ച പുതിയ റേഷൻകടകൾക്ക് ലൈസൻസികളെ കണ്ടെത്തുന്നതിനായി പട്ടികജാതി സംവരണ വിഭാഗക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ട് 16/05/2022 തീയതിയിൽ വിജ്ഞാപനം പുറപ്പെടുവിച്ചപ്പോൾ പുന്ന പ്രദേശത്തെ കടയുടെ അംഗീകാരം ലഭിക്കുന്നതിന് ശ്രീമതി. ഓമന എന്നിവർ അപേക്ഷ സമർപ്പിച്ചു. എന്നാൽ അപേക്ഷക ഡോക്യുമെന്റ് റൈറ്റർ ലൈസൻസി ആയതിനാൽ ടിയാളുടെ അപേക്ഷ പരിഗണിക്കുവാൻ സാധിച്ചില്ല. മാട്ടുമ്മൽ പ്രദേശത്തെ കടയുടെ അംഗീകാരം ലഭിക്കുന്നതിന് വിജ്ഞാപന പ്രകാരം ആരും അപേക്ഷ സമർപ്പിച്ചില്ല. |
| (സി) | എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് അനുവദിക്കുന്ന റേഷൻകടകൾ പ്രസ്തുത വിഭാഗത്തിൽനിന്നും ആരും ഏറ്റെടുത്ത് നടത്താൻ തയ്യാറാകാത്തപക്ഷം മറ്റ് വിഭാഗക്കാരെ പരിഗണിക്കുമോ; വിശദമാക്കാമോ? | (സി) | KTPDS ഓർഡർ 2021 33(1) പ്രകാരം, തുടർച്ചയായ 3 വിജ്ഞാപനങ്ങൾ നടത്തിയിട്ടും സംവരണ വിഭാഗത്തിൽ യോഗ്യരായ അപേക്ഷകർ ഇല്ലായെങ്കിൽ അങ്ങനെ ഉള്ള ഒഴിവുകൾ പൊതുവിഭാഗത്തിൽ നിന്നും നികത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ